# ഡിജിറ്റൽ മാഗസിൻ 2023-24

## ജി.എച്ച്.എസ്.എസ്.അയ്യൻകോയിക്കൽ

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്



# GHSS AYYANKOICKAL

KOIVILA PO, KOLLAM



# സന്ദേശം



## ശ്രീ ഷാജഹാൻ എ
## (സ്കൂൾ ഹെഡ്മാസ്റ്റർ)

കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് സാങ്കേതികത്തികവുകളോടെ അയ്യൻകോയിക്കൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് യയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ 'ക്ലിക്ക് 'ന് എല്ലാവിധ ആശംസകളും നേരുന്നു.


EDITORIAL BOARD


# എന്റെ ഗ്രാമം

സൂര്യനുദിച്ചു,
കിളികൾ ചിലച്ചു.
കാറ്റിലാടും മരങ്ങളും ചെടികളും.
കുട്ടികളോടി കളിക്കുന്ന ഗ്രാമം,
നെന്മണി മുത്തുകൾ വീശിടും ഗ്രാമം,
ഇതാണെന്റെ ഗ്രാമം,
ഇതാണെന്റെ ഗ്രാമം,
ഇതാണ് ഞാൻ കണ്ട ഗ്രാമം

-കാർത്തിക രാജേഷ്




Aryan . S
Std . VII C



# അമ്മ

പാരിൽ പിറന്നൊരു നാളിലാ മാറിലെ
ചൂടു പകർന്നു പിന്നെയെന്നും
കോരിയെടുത്തെന്നെ വാരിപ്പുണർന്നെന്റെ
നെറുകയിലുമ്മകൾ തന്നു.
പാരിൽ പിറന്നൊരു നാളിലാ മാറിലെ
ചൂടുപകർന്നു പിന്നെയെന്നും.
കോരിയെടുത്തെന്നെ വാരിപ്പുണർന്നെന്റെ
നെറുകയിലുമ്മകൾ തന്നു.
കുഞ്ഞിളം പൂവുപോലുള്ളതെൻ മേനിയിൽ
എണ്ണ പുരട്ടിയതമ്മ,
വെള്ളിത്തളികയിൽ വെള്ളം നിറച്ചെന്നു
എന്നെ കുളിപ്പിച്ചതമ്മ.
ഉച്ചിയിൽ വെള്ളമിറങ്ങാതെ
കച്ചകൊണ്ടെന്നെ-
ത്തുവർത്തിയതമ്മ
കുഞ്ഞിളം പൂവുപോലുള്ളതെൻ മേനിയിൽ
എണ്ണ പുരട്ടിയതമ്മ,
വെള്ളിത്തളികയൽ വെള്ളം നിറച്ചെന്നു
എന്നെ കുളിപ്പിച്ചതമ്മ.
ഉച്ചിയിൽ വെള്ളമിറങ്ങാതെ

കച്ചകൊണ്ടെന്നെ-
ത്തുവർത്തിയതമ്മ
കണ്ണേറു തട്ടാതെ എൻ കവിളിൽ
മഷിപ്പൊട്ടൊന്നു തൊട്ടതെന്നമ്മ
കണ്ണേറു തട്ടാതെ എൻ കവിളിൽ
മഷിപ്പൊട്ടൊന്നു തൊട്ടതെന്നമ്മ
പിച്ച വച്ചു ഞാൻ നടന്നൊരു കാലമെൻ
കൈപിടിച്ചു കൂടെവന്നു
ഉച്ചവെയിലത്തു കളിച്ചുനടന്നപ്പോൾ
ഉച്ചത്തിലെന്നെ വിളിച്ചു.
അച്ഛന്റെ ചൂരലിൽ തുമ്പത്തു
നിന്നെന്നെയെന്നും ഒളിപ്പിച്ചതമ്മ
ദീനങ്ങളെന്നെയലട്ടിയ നാളേറെ
ദൈവങ്ങളെ വിളിച്ചമ്മ
നോവുകൾ നിദ്ര കവർന്ന നിശകളിൽ
കാവലാളായവൾനിന്നു.
ഉച്ചത്തിലെന്നെ വിളിച്ചു.
അച്ഛന്റെ ചൂരലിൽ തുമ്പത്തു
നിന്നെന്നെയെന്നും ഒളിപ്പിച്ചതമ്മ
ദീനങ്ങളെന്നെയലട്ടിയ നാളേറെ
ദൈവങ്ങളെ വിളിച്ചമ്മ

നോവുകൾ നിദ്ര കവർന്ന നിശകളിൽ
കാവലാളായവൾനിന്നു.
എന്നെ ഉറക്കുവാൻ കണ്ണിമ പൂട്ടാതെ
താരാട്ടു പാട്ടുകൾ പാടി.
എന്നെ ഉറക്കുവാൻ കണ്ണിമ പൂട്ടാതെ
താരാട്ടു പാട്ടുകൾ പാടി.
ആദ്യാക്ഷരം പൂഴിയിൽ ഞാൻ
കുറിച്ചനാളെൻ വിരൽ വേദനിച്ചപ്പോൾ
ഉദ്യമിച്ചീടുകിൽ നീ
വീജയിക്കുമെന്നാദ്യമായി ചൊല്ലിയതമ്മ
വിദ്യാലയത്തിലാദ്യമായ് പോയനാൾ
കൈപിരിഞ്ഞു ഞാൻ കരഞ്ഞു.
ഞാനറിയാതവൾ ചുവരിൽ മറവിലന്നെൻ
ചേഷ്ടകൾ നോക്കി നിന്നു.
പിന്നീട്ടു വർഷങ്ങളേറെയെന്നാകിലും
അമ്മയ്ക്കു ഞാനിന്നുമുണ്ണി
പിന്നീട്ടു വർഷങ്ങളേറെയെന്നാകിലും
അമ്മയ്ക്കു ഞാനിന്നുമുണ്ണി

വാത്സല്യമെന്നതല്ലാതൊരു നാളുമാ
ഉള്ളത്തിൽ ഞാൻ കണ്ടതില്ല.
വാത്സല്യമെന്നതല്ലാതൊരു നാളുമാ

ഉള്ളത്തിൽ ഞാൻ കണ്ടതില്ല.
അത്ഭുതങ്ങൾ സപ്തമാകിലുമീഭൂവിൽ
ഒന്നുകൂടി ഞാനറിഞ്ഞു.
എക്കാലവും ഒളിമങ്ങാതൊരൊന്ന
തെന്നമ്മയെന്നുൺമതന്നല്ലോ
പരിഭവമില്ല പരാതികളില്ലാതെ
ഉരുകുന്ന മെഴുതിരി അമ്മ
പരിഭവമില്ല പരാതികളില്ലാതെ
ഉരുകുന്ന മെഴുതിരി അമ്മ
എന്നിട്ടുമമ്മയ്ക്കൊരുമ്മ നൽകിടുവാനെന്തേ
മറക്കുന്നു ഞാനും എന്തേ മറക്കുന്നു
ഞാനും.



ആദ്യ.എസ്.എ

5C

# ഒരു ബാലന്റെ കഥ

**ഒ**രിക്കൽ ഒരു ഗ്രാമത്തിൽ ദേവകി എന്ന അമ്മയ്ക്ക് രണ്ട് മക്കൾ ഉണ്ടായിരുന്നു. ഒരു മകനും ഒരു മകളും. കല്ല്യാണി എന്നായിരുന്നു സുന്ദരിയായ മകളുടെ പേര്. അങ്ങനെയിരിക്കേ മറുനാട്ടിൽ നിന്നുവന്ന വസ്ത്രവ്യാപാരി കല്ല്യാണിയെ കണ്ട് ഇഷ്ടപ്പെടുകയും വിവാഹം കഴിക്കുകയും ചെയ്തു. അവർ വളരെയധികം സ്നേഹത്തോടെയാണ് ജീവിച്ചിരുന്നത്. മാസങ്ങൾക്ക് ശേഷം കല്ല്യാണി ഒരു ആൺകുഞ്ഞിന് ജന്മം നൽകി. പ്രസവത്തോടുകൂടി കല്ലാണി മരിക്കുകയും ചെയ്തതോടെ കുഞ്ഞിനെ ഉപേക്ഷിച്ച് കല്യാണിയുടെ

ഭർത്താവ് നാടുവിട്ടു. പിന്നീട് ആ മകന്റെ ജീവിതം ദുരിതപൂർണമായിരുന്നു. കല്ല്യാണിയുടെ സഹോദരനായ പപ്പുവിന് അഞ്ച് ആൺമക്കൾ ഉണ്ടായിരുന്നു. ദേവകിയമ്മ പ്രായമായതിനാൽ കുഞ്ഞിനെ നോക്കാൻ പ്രയാസമായിരുന്നു. അപ്പോൾ പപ്പു പറഞ്ഞു

"അഞ്ചു ആൺമക്കളുടെ കൂടെ ഈ കുഞ്ഞും വളർന്നോട്ടെ" പപ്പു കുഞ്ഞിനെ ഭാര്യയുടെ കൈയിൽ കൊടുത്തു.

അങ്ങനെ കുട്ടികൾ വളർന്നു. അമ്മാവിയായ ലക്ഷ്മിക്കുട്ടിക്ക് ആ കുഞ്ഞിനെ സ്വന്തം മകനായി കാണാൻ കഴിഞ്ഞില്ല. ഭക്ഷണകാര്യത്തിൽ പോലും അദ്ദേഹം വേർതിരിവ് കാണിച്ചു. അവർ അഞ്ചു മക്കളെയും സ്കൂളിൽ ചേർത്തു. ആറാമനായ ആ കുഞ്ഞിനെ അവർ സ്കൂളിലെ കഞ്ഞിപ്പുരയിലെ ജോലിക്കാരുടെ സഹായി ആക്കി. അത് ആ കുഞ്ഞിന് താങ്ങാൻ പറ്റുന്നതിനും അപ്പുറമായിരുന്നു.

അമ്മേ എന്നൊന്നു വിളിക്കാൻ

ആ കുഞ്ഞിന് കൊതിയായിരുന്നു. അമ്മയുണ്ടായിരുന്നെങ്കിൽ എന്ന് ചിന്തിച്ചു. സ്കൂളിലെ ജോലിയൊക്കെ പെട്ടെന്ന് തീർത്തിട്ട് കുട്ടികളെ പഠിപ്പിക്കുന്ന ക്ലാസിന്റെ വാതിലിൽ ചെന്ന് നിൽക്കും. അപ്പോൾ അധ്യാപകൻ ചൊല്ലി പഠിപ്പിക്കുന്നത് കേട്ട് ഏറ്റ് പാടി പഠിക്കും.

ദിവസങ്ങൾ കടന്നു പോയി. ഇങ്ങനെ ഈ കുട്ടി ചെയ്യുന്നത് ഹെഡ്മാസ്റ്ററുടെ ശ്രദ്ധയിൽ പെട്ടു. അദ്ദേഹം കുട്ടിയേ പഠിപ്പിക്കാൻ തീരുമാനിച്ചു. ബുക്കും പുസ്തകവും വാങ്ങി കൊടുത്തു. അങ്ങനെയിരിക്കെ ഒരു ദിവസം അമ്മാവി പറഞ്ഞു. ഇന്ന് നീ സ്കൂളിൽ പോകണ്ട വില്ലേജിൽ നിന്നും സവേ എടുക്കാൻ ആളുവരും. വീട് തുക്കരുത്. പക്ഷേ വില്ലേജിൽ നിന്ന് വന്നത് ഒരു സ്ത്രീ ആയിരുന്നു. അവർ വന്ന് മോനേ എന്ന് വിളിച്ചു ആ വിളിയിൽ സ്വന്തം അമ്മയെ പോലെ കരുതി വീട് തുറന്നു കൊടുത്തു. അമ്മാവിയുടെ കയ്യിൽ നിന്നും ഒരുപാട്

തല്ല് കിട്ടി എങ്കിലും കരഞ്ഞുകൊണ്ട് പറഞ്ഞു. ആ അമ്മ എന്നെ മോനേ എന്നാ വിളിച്ചത്. ആ പറയുന്നതിൽ നിന്നു മനസ്സിലാക്കാം തന്നെ ഇതുവരെ ആരും മോനേ എന്ന് വിളിച്ചിട്ടില്ലെന്ന്.

ഹെഡ്മാസ്റ്റർ സ്ഥലം മാറി പോയതിനാൽ കുട്ടിയുടെ പഠനം മുടങ്ങി. അമ്മാവിയുടെ സഹോദരൻ ഒരു നല്ല മനുഷ്യനായിരുന്നു. ഈ മകന്റെ കഷ്ടപാട് കണ്ട് കുട്ടിയെ അദ്ദേഹം കൊണ്ടുപോയി. അപ്പോഴേക്കും അവന് 14 വയസ്സായി. KSEB യിൽ ആയിരുന്നു അദ്ദേഹത്തിന് ജോലി. മൂഴിയാറിൻ കൊണ്ടുപോയി പണിയൊക്കെ പഠിപ്പിച്ചു. ജോലിയും വാങ്ങി കൊടുത്തു. ആദ്യം താത്ക്കാലികമായിരുന്നു പിന്നീട് സ്ഥിരമായി.

അമ്മാവിയുടെ അഞ്ച് മക്കളും കൂലിപ്പണിയും മദ്യപാനികളും ആയി തീർന്നു. അവരുടെ കൂടെ വളർന്നതുകൊണ്ട് നമ്മടെു കഥാനായകനും മദ്യപാനം വരുമായിരുന്നു. അത്

ക്ലിക്ക്

**ജീവിതത്തിൽ അലയടിച്ചുകൊണ്ടേയിരുന്നു.**

-ദേവിക രതീഷ്

7C




# ഒരു പെൺക്കുട്ടിയുടെ കഥ

ഒരു ഗ്രാമത്തിന്റെ അടുത്ത് ഒരു ചെറിയ വീട് ഉണ്ടായിരുന്നു. ആ വീട്ടിൽ താമസിച്ചിരുന്നത്. ഒരു പെൺകുട്ടിയായിരുന്നു. അവളുടെ പേര് ജമേന്തി. അവൾ ജനിച്ചപ്പോൾ അവളുടെ അമ്മയും അച്ഛനും മരിച്ചിരുന്നു. അവൾക്ക് ഒരു മുത്തശ്ശിയായിരുന്നു ഉണ്ടായിരുന്നത്. അവർക്ക് പണം ഒന്നുമില്ലായിരുന്നു. അവരുടെ ബന്ധുക്കൾ അവർക്കുവേണ്ടി ഒന്നും ചെയ്ത് കൊണ്ടിക്കില്ലായിരുന്നു. ആ മുത്തശ്ശി കുറേ കഷ്ടപ്പെട്ടു അവളെ നോക്കാൻ അങ്ങനെകുറെനാൾ കഴിഞ്ഞു അവൾ ഇപ്പോൾ വലുതായി. അവളുടെ ആ മുത്തശ്ശി മരിച്ച് പോയി അവൾക്ക്

കുറെസങ്കടം വന്നു അവളെ നോക്കിയിരുന്നതും ആ മുത്തശ്ശിയായിരുന്നു. അവൾ ഈ കാര്യം ഓർത്തോർത്ത് കരഞ്ഞു. അവൾ എന്ത് ചെയ്യണമെന്ന് അലോച്ചിച്ചു ഈ കടംകെറി ഞാൻ എന്തുചെയ്യും. അവൾ ഒരു കാര്യം തീരുമാനം എടുത്തു. ഞാൻ ഇനി ജോലി ചെയ്ത് എന്റെ കടം വീട്ടും. അവൾ കൃഷി ചെയ്തു ആ കൃഷി ചെയ്ത് അവൾ ഗ്രാമത്തിൽ പോയി വിൽക്കും. ആ പണംകൊണ്ടാണ് അവൾ ജീവിച്ചത് അവൾ ഈ പണം സൂക്ഷിച്ചു വെച്ചു. അവൾ അങ്ങനെ ഒരു കോഴി ഫാം തുടങ്ങി കൃഷിയും കോഴി ഫാമും അവൾ നല്ലുപോലെ നോക്കിയിരുന്നു അവൾ ഇങ്ങനെ അവളുടെ കടം വീട്ടി. ഇപ്പോൾ

അവൾക്ക് ഒരു ബോദ്ധ്യതയുണ്ട്. അവൾ സ്വന്തമായി അധ്വാനിച്ച് ഒരു വീടു വെച്ചു അവൾ അളുടെ കാര്യമാത്രമല്ല ഇപ്പോൾ നോക്കുന്നത്. തന്റെ കാര്യങ്ങൾ നോക്കി ഉതുങ്ങി കൂടാതെ പകരം തന്റെ അവസ്ഥ വന്നവരേയും മറ്റു പാവപ്പെട്ടവരേയും സഹായിച്ചു ജീവിക്കുന്നു.5C

-ദേവഹരാ കെ.എം
5C




Diya.P.R
7 C

# ഇത് എന്ത് മനുഷ്യർ

അമ്മു കിളി അപ്പുക്കുട്ടന്റെ വീട്ടിലെ ഒരു മാവിൻ മരത്തിന്റെ മുകളിൽ ഒരു വലിയതും മനോഹരവുമായ കൂട്ടിൽ താമസിക്കുകയായിരുന്നു. അമ്മുക്കിളി വലിയ കാത്തിരിപ്പിലാണ് കാരണം അമ്മുക്കിളി ഇട്ട മുട്ട വിരിയാൻ ഇനി ദിവസങ്ങൾ മാത്രം. അങ്ങനെ കുറച്ചു ദിവസം കഴിഞ്ഞു തന്റെ കുഞ്ഞ് പുറത്തേക്ക് വന്നു അമ്മുക്കിളി തന്റെ മോൾക്ക് പേരിട്ടു വിളിച്ചു മീനു മീനു മോളെ........ തന്റെ മോളെ നല്ല ഒരു പക്ഷിയാക്കി മാറ്റാൻ വളരെ വലുതായി കഷ്ടപ്പെട്ടു. പറന്ന് പറന്ന് പാറി നടക്കാൻ പ്രാപ്തരാക്കി അങ്ങനെ മീനു ആകാശത്തേക്ക് പറക്കാൻ തുടങ്ങി എന്നു കരുതി പതുകെ കണ്ണുകൾ അടച്ചു കൊണ്ട് നിദ്രയിലേക്ക് വീണുപോയി അങ്ങനെ അവൾ സ്വപ്നം കാണാൻ ആരംഭിച്ചു. പുറംലോകം കാണാത്ത സ്വപ്നത്തിലൂടെ

ഈ ലോകം കാണാൻ തുടങ്ങി. പറന്നുയർന്ന നീലാകാശം സൂര്യന്റെയും മറ്റുപക്ഷികളുടെയും സാനിധ്യത്തിൽ ശോഭയുള്ള ഒരു മനോഹരമായ ആകാശം. അവൾ അങ്ങനെ താഴേക്ക് നോക്കി. എവിടെയും ഉറുമ്പുകളെപ്പോലെ തോന്നിക്കുന്ന തരത്തിലുള്ള മനുഷ്യർ നഗരപാദയിലൂടെ ചീറിപ്പായുന്ന വാഹനങ്ങൾ എവിടെയും പച്ചപ്പും സസ്യങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്നു വലിയ വലിയ മാമരങ്ങൾക്ക് സമീപമായി പൂന്തോട്ടങ്ങളും, കളിസ്ഥലങ്ങളും, വിദ്യാലയങ്ങളും, നദികളും ധാരാളമായി കടന്നുപോകുന്നു. വലിയ വലിയ മരങ്ങളും കുന്നുകളും കുന്നുകളും പച്ചപ്പ് കൊണ്ട് സമൃദ്ധമായ ഒരു പ്രകൃതി വളരെ സുന്ദരമായ കാഴ്ച്ചകളും നിറയെ ആകർഷകമായ വസ്തുകളും മനംകവരുന്ന കാഴ്ച്ചകളും കൊണ്ടുള്ള നമ്മുടെ ഭൂമി.

ഫ്ലാറ്റുകൾ പണിതുയർത്തി. ഒരു

സുന്ദരമായ കാഴ്ചപ്പോലും അവിടെയുണ്ടായിരുന്നില്ല.എന്തിന് ഒരു നദിപോലും. അല്ലെങ്കിൽ ഒരു സുന്ദരമായ പുഷ്പം പോലും അവൾ വിഷമിച്ച് മടങ്ങി. വളരെ പരീണാപകരമായ ഈ ബാല്യം അവളെ കൂടുതൽ സങ്കടത്തിലേക്ക് കടത്തിവിട്ടു. അമ്മുക്കിളി പറഞ്ഞു. ഇങ്ങനെയാണ് ഇപ്പോഴത്തെ മനുഷ്യർ. എല്ലാം നശിപ്പിച്ച് കൊണ്ടുപോവുകയാണ്. മീനൂട്ടിയെ ഇത് കൂടുതൽ സങ്കടത്തിലേക്ക് നീക്കി. അവൾ വിചാരിച്ചതുപോലെ ഒന്നും സംഭവിക്കാതെ ഇരുന്നതിൽ സങ്കടപ്പെട്ട് അവർ രണ്ടുപേരും. വേറൊരു മനോഹര നാടുതേടി അവർ ജീവിച്ചിരുന്ന നാടിനെ ഉപേക്ഷിച്ച് അവർ കടന്നുപോയി.

-അതുൽ കൃഷ്ണൻ
7A

# സ്വർണ്ണമുട്ട ഇടുന്ന താറാവ്

ഒരു സ്ഥലത്ത് പണ്ട് രണ്ട് അയൽവാസികൾ താമസിച്ചിരുന്നു. ഇവർ അയൽവാസികൾക്കു പുറമെ വളരെ നല്ല സുഹൃത്തുക്കൾ ആയിരുന്നു.

ഒരു ദിവസം ഇവർ തമ്മിൽ വലിയ വഴക്കായി അങ്ങനെ അലി പറഞ്ഞു എനിക്ക് വലിയ കാറും, ബൈക്കും ഒക്കെ ഉണ്ട് പക്ഷേ നിനക്ക് ഒന്നുമില്ല ഒരു പൊട്ടിയ സൈക്കിൾ മാത്രം അതേ പക്ഷേ എനിക്ക് ജീവിക്കുവാൻ ഉള്ളത് ഞാൻ ജോലി ചെയ്ത് സമ്പാദിക്കുന്നുണ്ട്. ഒരു ദിവസം ഞാൻ വലിയ പണക്കാരൻ ആകുമ്പോൾ നീ ഒന്നുമില്ലാതെ ഒരു അന്യനാകും പക്ഷേ അന്ന് നിന്നെ നോക്കുന്നത് ഞാനായിരിക്കും.അങ്ങനെ നടന്നാൽ പിന്നെ ഞാൻ ജീവിച്ചിരിക്കില്ല. അങ്ങനെ പറഞ്ഞ് അവരുടെ സുഹൃത്ത് ബന്ധം അവിടെ നിലച്ചു.

ദിവസങ്ങൾക്കുശേഷം

അലാവുദിൻ താറാവിനെ വേടിച്ചു ആ താറാവിന് മറ്റു താറാവുകൾക്കില്ലാത്ത എന്തോ ഒരു ഗുണം ഇതിനുണ്ട്. ഒരു ദിവസം അലാവുദീൻ വന്നപ്പോൾ ഇത് മുട്ടഇട്ടുന്നു അവനു മനസ്സിലായി അലാവുദിൻ വിചാരിച്ചു ഈ മുട്ട എടുക്കാം. എടുത്തു നോക്കിയപ്പോൾ അത് ഒരു സ്വർണ്ണ മുട്ട. അന്ന് തന്നെ അലിയും താറാവിനെ വാങ്ങി അലി അഞ്ച് താറാവിനെ വാങ്ങി എല്ലാം മുട്ടയിട്ടു അലാവുദീനിന്റെ താറാവും രണ്ടാം മുട്ടയും ഇട്ടു അലിപറഞ്ഞു നിനിക്കു ആകെ ഒരു താറാവെ ഉള്ളു പക്ഷേ എനിക്ക് അഞ്ച് താറാവുകളാണ് ഉള്ളത് അതു പറഞ്ഞിട്ട് പോകാൻ തുടങ്ങിയ അലി നോക്കിയപ്പോൾ അലാവുദ്ദിന്റെ താറാവിന്റെ മുട്ട കണ്ടു അലി അമ്പരന്നു പോയി എന്നിട്ടു പറഞ്ഞു ഇതെന്താണ് ഈ താറാവ് സ്വർണ്ണ മുട്ട ഇടുന്നത് എന്നിട്ടു വീട്ടിലേക്ക് പോയി തന്റെ താറാവകളുടെ മുട്ട നോക്കിയപ്പോൾ സാധാരണ വെള്ള മുട്ട അലിക്കാണെങ്കിൽ

അസൂയ്യ തോന്നി അലി പറഞ്ഞു എന്റെ താറാവാണെങ്കിൽ സാധാ മുട്ട അവന്റെ താറാവാണെങ്കിൽ സ്വർണ്ണമുട്ട ഇങ്ങനെ പോയാൽ ഇവൻ പറഞ്ഞതു പോലെ നടക്കും. അങ്ങനെ ഒരിക്കലും നടക്കരുത് എന്ന് വച്ച് അവൻ അവന്റെ താറാവിനെ അവിടെ വച്ച് ആ സ്വർണ്ണ മുട്ടയിടുന്ന താറാവിനെ അവൻ എടുത്തു.

പിറ്റേ ദിവസം താറാവിന് ഭക്ഷണം നൽകാൻ വന്ന അലാവുദീൻ പറഞ്ഞു എന്റെ താറാവ് ഇതല്ല ഇതിന്റെ മുട്ട സാധായാണ് എന്റെ താറാവാണെങ്കിൽ സ്വർണ്ണ മുട്ടയാണിടുന്നത്. അങ്ങനെ നോക്കിയപ്പോൾ അലി സ്വർണ്ണ മുട്ടയുമായി പോകുന്നു അതു കണ്ട് അലാവുദീൻ അലിയുടെ അടുത്ത് ചെന്ന് പറഞ്ഞു ഇത് എന്റെ താറാവും മുട്ടയുമാണ് നീ എന്റെ വീട്ടിൽ വന്ന് കട്ടഎടുത്തതാണ് അല്ല എനിക്ക് എന്തിനാണ് നിന്റെ മുട്ട അത് കേട്ട് വിഷമമായി അലാവുദീൻ കോടതിയിൽ കൊണ്ടു പോയി കേസ്

കൊടുത്തു അവിടത്തെ ജെഡ്ജി ചദിച്ചു നീ ഇവന്റെ താറാവിനെ നീ എടുത്തോ ഇല്ല സർ വേണമെങ്കിൽ സർ എനിക്ക് താറാവ് വിൽക്കുന്നആൾക്കാരോടു ചോദിച്ചൂടെ അപ്പോൾ അലിയും താറാവും കച്ചവടക്കാരനും പറയുന്നത് അലാവുദീൻ കേട്ടു അപ്പോൾഅവൻ അത് റേക്കോർഡ് ചെയ്തു അതൊക്കെ അലാവുദീൻ ജെഡ്ജിയുടെ കൈയ്യിൽ കൊടുത്തു അത് കണ്ട് ജഡ്ജി മറുപടി പറഞ്ഞു.

നീ പറഞ്ഞതു കള്ളം അതിനാൽ ഞാൻ വിധി പ്രഖ്യാപിക്കുന്നു നീ ഇവന് അവന്റെ താറാവിനെ തിരിച്ചു നൽക്കണം കുറച്ചു നാളുകൾക്കു ശേഷം അലാവുദീൻ ഒരു വലിയ പണക്കരനായി പക്ഷേ അവനെ വെറുത്ത അലിയെ അവൻ ചേർത്തു പിടിച്ചു അവർ പിന്നെയും സുഹൃത്തുക്കളായി ഇവർ ഒരുമിച്ച് ഒരുപാട് ജോലികൾ ചെയ്ത് ഇവർ പണക്കാരായി.

-ആദിത്യ
7A

# നല്ല ചങ്ങാതി

ഒരിടത്ത് ഒരിടത്ത് ഒരു ദിവസം ഒരു ഭംഗിയുള്ള ഒരു റോസാപൂവ് വിരിഞ്ഞു അത് വളരെ മനോഹരമായിരുന്നു ആരുകണ്ടാലും ഇഷ്ട്പ്പെടുന്ന ഒരു പൂവായിരുന്നു അത് ഒരു ദിവസം ഒരു തുമ്പിയും വണ്ടും റോസാപൂവിന്റെ അടുക്കൽ വന്നു അവർ ചങ്ങാതിമാരായി. പക്ഷേ വണ്ടിനെ ചങ്ങാതിയായി കാണാൻ റോസാപൂവിന് കഴിഞ്ഞിരുന്നില്ല.

പലപ്പോഴും റോസാപൂവ് അവനോട് സംസാരിക്കാൻ കൂട്ടാക്കിയിരുന്നില്ല കാരണം അവന്റെ നിറവും അവന്റെ ശബ്ദവും റോസാപൂവിന് ഇഷ്ടമല്ലായിരുന്നു. അതുകൊണ്ട് വണ്ടിനെ പലപ്പോഴും റോസാപൂവ് അവഗണിക്കുമായിരുന്നു. എന്നാൽ തുമ്പിയുമായി വളരെ അധികം സമയം ചിരിച്ചും തമാശ പറഞ്ഞും സമയം ചിലവയിക്കുമായിരുന്നു. കുറേ ദിവസങ്ങൾ

കഴിഞ്ഞപ്പോൾ റോസാപൂവിന്റെ ഓരോ ഇതളുകളും കൊഴിഞ്ഞുപോകാൻ തുടങ്ങി. മെല്ലേ അവൾ ഭംഗിയില്ലാത്ത ഒരു പൂവായി മാറി തുടങ്ങി. തുമ്പി അവളുടെ കൂടെയുള്ള ചങ്ങാത്തം ഉപേക്ഷിച്ചു അത് അവൾക്ക് വളരെ സങ്കടമായി എന്നാൽ അപ്പോഴും വണ്ട് റോസാപൂവിനെ കാണാൻ വരുമായിരുന്നു. അവളുടെ സങ്കടത്തിൽ പങ്കുചേരുമായിരുന്നു. അപ്പോൾ റോസാപൂവിന് ഒരു കാര്യം മനസ്സിലായി. ഈ ഭൂമിയിലുള്ള സൗന്ദര്യം ഉള്ളതായി നിലനിൽക്കുന്നവരാണ് ഏറ്റവും നല്ലവരെന്ന് അവരെ അറിയാതെ പറയരുത്. ആരേയും പുറമേയുള്ള നിറം കണ്ട് വിലയിത്തരുത് എന്നും ഉള്ള പാഠം പഠിച്ചു.

-അസ്ലാ മേരി സാംസൺ
7C



Abhilash
6 A

# സ്നേഹകൃഷി

ഒരിടത്ത് ഒരു കർഷകൻ ഉണ്ടായിരുന്നു. രാജസ്ഥാനിലെ പൊള്ളുന്ന വെയിലിനിടയിലായിരുന്നു. അദ്ദേഹത്തിന്റെ കൃഷി. ആ വയലിനടുത്തായി ഒരു വിദ്യാലയം ഉണ്ടായിരുന്നു. ആ വിദ്യാലയത്തിലേ കുട്ടികൾ പലപ്പോഴും ജനാലയിൽ കൂടി വയലിലേക്ക് നോക്കുമായിരുന്നു. എല്ലാ കുട്ടികൾക്കും വളരെയധികം ആകർഷകമായ കാഴ്ചയായിരുന്നു വയലിലേ ഓരോ വിളവുകളും. പക്ഷേ ആ ആറാം ക്ലാസ്സുക്കാരി ശ്രദ്ധിച്ചത് ആ കർഷകന്റെ പൊള്ളുന്ന വെയിലിനിടയിലുള്ള അധ്വാനം ആയിരുന്നു. ആ ആറാം ക്ലാസുകാരി അവധി ദിവസങ്ങളിൽ വയലിനടുത്തുകൂടി നടക്കുമായിരുന്നു. അങ്ങനെ ഒരു ദിവസം വയലിനടുത്തുകൂടി ആ കുട്ടി പോകുന്ന സമയത്ത് ആ കുട്ടി കൃഷി കാരനോട് ചോദിച്ചു. ഞാൻ അവധി ദിവസങ്ങളിൽ ഇവിടെ വരാം താങ്ങളെ സഹായിക്കാൻ

കൃഷിക്കാരൻ പറഞ്ഞു. അതിന്റെ ഒന്നും അവഷ്യമില്ല. എന്നോട് ചോദിക്കാൻ തോന്നിയില്ലേ അയ്യോ, അങ്ങനെ പറയരുത് ഞാൻ, ദേ ആ വിദ്യലയത്തിലാണ് പഠിക്കുന്നത്. അതുകൊണ്ട് തന്നെ താങ്കളുടെ എല്ലാ കഷ്ട്ടപ്പാടും എനിക്ക് കാണാൻ കഴിയും.

അതുകൊണ്ട് സങ്കടം തോന്നിയിട്ടാണ് ഞാൻ ചോദിച്ചത്. സങ്കടം തോന്നേണ്ടകാരണം അതാണ് എന്റെ ഏക ജോലി. എന്റെ ശരീരത്തിലെ വീയർപ്പ് മുഴുവനം എന്റെ ജോലിയുടെ ഭാഗമാണ് മകളെ ഇങ്ങനെയൊക്കെ എതിർത്തുവെങ്കിലും അവൾക്ക് അദ്ദേഹം കൃഷിയുടെ ഓരോ പാഠങ്ങളും പഠിപ്പിച്ചു കൊടുത്തു. അങ്ങനെ ആ ചെറിയ വയലിലേക്ക് അവൾ ഒരുപാട് കുട്ടികളെ ക്ഷണിച്ചു എന്നിട്ട് ആ ചെറിയ വയലിനെ വലിയ വയലാക്കി തീർത്തു. അവൾ അങ്ങനെ സ്നേഹം കൊണ്ടും സഹതാപം


കൊണ്ടും കൃഷി വികസിപ്പിച്ചു. കൃഷിയിലൂടെ സ്നേഹ ബന്ധം ഉണ്ടാക്കുകയും ചെയ്തു. ഇപ്പോഴത്തെ ഒരു കുട്ടികൾക്കും ഇല്ലാത്ത ആ സ്വഭാവം അവൾ അവളിൽ ഉണർത്തി, രാജസ്ഥാനിലെ ആ ചെറിയ കൃഷി അവൾ സ്നേഹ കൃഷിയാക്കി മാറ്റി.

സ്നേഹകൃഷി .....

ഈ ഒരു കഥ വായിക്കുമ്പോൾ നമ്മുക്ക് മനസ്സിലാക്കാം ആ ഒരു ആറാം ക്ലാസുക്കാരിയുടെ കൃഷിയോടുള്ള ബന്ധവും സഹതാപവും കൊണ്ട് അവൾ ആ ചെറിയ കൃഷി സ്നേഹ കൃിഷിയാക്കി മാറ്റി.

---

-മിത്രാ
7C



Sree hari
6 A

# അമ്മ

ഒതു മന്ദഹാസം തൂകുമ്പോൾ പൂ
നിലാപാൽ നൽകുന്ന വിശ്വേശ്വരി
ചന്ദ്രനിലാക്കിണ്ണം പോലെൻ മനസ്സിൽ
ഓടിവന്നെത്തിയ തേജ്വസ്സിയാണമ്മ
ഒരോരോദിനങ്ങളും ത്യാഗം സഹിച്ചവൾ
ജീവിതയാത്രയിൽ നിത്രവസന്തം
നന്മയുടെ പാഠങ്ങൾ ചൊല്ലിപഠിപ്പിച്ച
ആദ്യഗുരുവാണ് എന്റമ്മ
അമ്മയെന്ന വാക്ക് മൺമുറിയുമ്പോൾ
ശൂന്യതയെന്തെന്ന് നാമറിയും
ഓർമ്മയുടെ തീരങ്ങളിൽ മാഞ്ഞു
പോകാത്ത ഒർമ്മക്കനലാണ് അമ്മ
ആധികൾ, വ്യാധികൾ ലോകമെമ്പാടുമേ
വിളയാടി കലി തുള്ളി ഉലയുമ്പോൾ
കരുതലായി തണലായി ഒരു നോവായി
അരികത്തു നിൽക്കുമെന്നമ്മ

**DEVIKA RATHEESH**
**7C**

# മഴത്തുള്ളികളുടെ താളം

ഭൂമിയെ പുൽകാനായ്
ഭ്രാന്തു പിടിച്ചപ്പോൽ വരുന്ന
ഒരു കൂട്ടം മഴത്തുള്ളികളെ
നാം മഴയെന്ന് വിളിക്കുന്നു.
ആകാശത്തിന്റെ അന്തവിഹായസ്സിൽനിന്നും
കരിമേഘങ്ങളുടെ കണ്ണുനീർത്തുള്ളിയായ്
താഴേക്ക് പതിക്കുകയാണ് മഴത്തുള്ളികൾ
ചുറ്റും കാണുന്നതിനെക്കുറിച്ച്
വാ തോരാതെ മോഴിയൊണ്
കുഞ്ഞു മഴത്തുള്ളിയും കൂട്ടം
മഴത്തുള്ളിയും.
ഓർമ്മതൻ ഓലക്കീറിലൂടെ
ഒന്നിച്ചുർന്നിറങ്ങുകയാണ്.
മഴ പെയ്തൊയിഞ്ഞിട്ടും
മണ്ണിലലിയാൻ മനസ്സിലാതെ
ഇലകളിൽ പറ്റിപിടിച്ചിരിക്കുന്ന
ചില മയത്തുള്ളികളുടെ
ഇടയിലൂടെ കടന്നുപോകവേ

മരണത്തിൻ മുഖം അവർ
നേരിൽ കാണുന്നു.
ഓട്ടിൻ പുറത്തും ഇലയുടെ മുതുകിലും
മണ്ണിന്റെ മുകളിലും പല സ്വരങ്ങൾ
കേൾപ്പിച്ച കഥകൾ അവർതൻ
മനസ്സിലൂടെയൊന്ന് മിന്നിപ്പാഞ്ഞു.
മണ്ണിലേക്കു പതിച്ച മഴത്തുള്ളി ചോദിച്ചു
ഒരു ജന്മം കൂടി തരുമോ എനിക്ക്
മേഘകെട്ടിനള്ളിൽ മൂടിപ്പുതച്ചിരിക്കാൻ
ഓടിൻപുറത്തും ഇലയുടെ മുതുകിലും
സംഗീതം പൊഴിക്കാൻ
ഓലക്കീറിലൂടെ ഉർന്നിറങ്ങാൻ
ഒടുവിലീ മണ്ണിൽ അലിഞ്ഞുചേരാൻ

---

- കാർത്തികാരാജേഷ് 7D

# മഴ

മാരിക്കാർമുകിൽ പാഞ്ഞെത്തി,
മാനം കറുത്ത് തുടങ്ങിയപ്പോയ്,
നക്ഷത്രങ്ങൾ പേടിച്ചോടി,
അമ്പിളിമാമനൊളിച്ചോടി.
തുള്ളിത്തുള്ളി മഴപ്പെയ്ത്ത്,
മഴയുടെ ശക്തികടുത്തുതുടങ്ങി,
മുറ്റം നിറയെ വെള്ളത്താലൊരു,
ചെറുകുളമിവിടെ തീർത്തല്ലോ.
കുട്  ടികളോടിയടുത്തപ്പോൾ,
മഴ നനയാനൊരു മോഹമുദിച്ചു,
കൂട്ടർക്കൊപ്പം ഞാനും പോയി,
പനിയും പിടിച്ച് കിടപ്പായി!

- കാർത്തികാരാജേഷ് 7D

# നന്മയെന്റമ്മ

കലപില കൂട്ടും പക്ഷികളെക്കാൾ
മുൻപായുണരും എന്റമ്മ
പലവിധ വേലകൾ ഞൊടിയിടക്കൊണ്ട്
ചെയ്തുകഴിയും നല്ലമ്മ.

നീണ്ടപുതപ്പിൻ ഉള്ളിൽക്കയറി
കുഴിമടി പൂണ്ടുമുറങ്ങുമ്പോൾ
സ്നേഹകരങ്ങൾ നീട്ടീടെന്നെ
തട്ടിവിളിക്കും പോന്നമ്മ
എന്നും ഉറങ്ങാൻ നേരം നല്ല
പാട്ടു പാടി തരും നല്ലമ്മ
എന്നും രാവിലെ പാലുമായി
വരുന്നമ്മ
എന്നും രാവിലെ ഭക്ഷണം
വാരി തരും എന്റമ്മ
എന്നും രാവിലെ കൃത്യസമയത്തിന്
സ്കൂളിൽ കൊണ്ടാക്കും എന്റമ്മ

ആയിഷ സുഹാന
5C



# ജീവിതം

കരഞ്ഞു ചിരിപ്പിച്ച ജനനം
പൊട്ടിത്തെറിച്ചും ഓടിചാടി നടന്ന
ബാല്യം
സ്വപ്നങ്ങൾ സ്ത്യമാകാൻ ആഗ്രഹിക്കുന്ന
ഒരു ചെറിയപ്രായം
കരച്ചിലടക്കി ചിരിക്കുന്ന ഒരു മനസ്സ്
പിന്നെ ചിരിയും കരച്ചിലും
ചേർന്നോർമ്മകൾ
ഓർത്തൊരു വാർദ്ധക്യം
ഒടുവിൽ ആറടിമണ്ണിൽ ഒരു നീണ്ട
മഴക്കം
നടക്കാതെ പോയ ഒരുപാട്
സ്വപ്നങ്ങളും
ഇതാണ് ഒരു മനുഷ്യന്റെ ജീവിതം


-ആഭിരാമി ശിവകുമാർ
6C

# വൈറസ്

വന്നത് നല്ലൊരു വൈറസ്
തന്നത് നമ്മേക്കൊല്ലും രോഗത്തെ
എന്നാലിതാവന്നല്ലോ
ഈ മഹാമാരിക്കായൊരന്തകൻ
നേടുക വാക്സിൻ
നേരത്തെ തുരത്തുക
മാരിയിൽ ലോകർക്കായി
ആഘോഷിക്കാം ഒന്നിച്ച്
ആരോഗ്യത്തോടെ വളർന്നീടാം.

ഗായത്രി എസ് മനോജ്

6A



# രണ്ടു മത്സ്യങ്ങൾ

അംബികാസൂതൻ മാങ്ങാടിന്റെ ഒരു ചെറുകഥയാണ് രണ്ടു മത്സ്യങ്ങൾ. തന്റെ ഭാവനകളെ വരച്ചുകാട്ടി അതിലൂടെ തന്റെ വായനക്കാരന്റെ മനസ്സിൽ കയറികൂടി ചിന്തിപ്പിക്കാൻ പ്രപ്തനാക്കുന്നു ചുരുക്കം എഴുത്തുകാരിൽ അപൂർവ്വമായുള്ള സിദ്ധികൈവരിച്ച അതുല്യ പ്രതിഭാശാലിയാണ് അംബികാസുതൻ മാങ്ങാട്. തന്റെ കഥകളിലൂടെ പ്രകൃിതിയനുഭവിച്ച പീഠനങ്ങളെ ദൃശ്യവത്കരിക്കുകയാണ് മാങ്ങാട് എഴുത്തുന്നമാധ്യമത്തിലൂടെ.



പൂവാലിയും അഴകനും എന്ന രണ്ടു മത്സ്യ കഥാപാത്രങ്ങളിലൂടെ പുരോഗമിക്കുന്ന കഥ തന്റേതായ അവതരണ ശൈലിയിൽ ഓരോ പ്രകൃതി സ്നേഹിയുടേയും മനസ്സിൽ ചിതകോരിയിടാൻ മാങ്ങാടിന് കഴിയുന്നുണ്ട്. മത്സ്യങ്ങൾ നേരിടുന്ന പ്രതിസന്ധികൾക്ക് മാനുഷികഭാവം നൽകി തനിക്ക


സ്വന്തമാണ് ഭൂമിയെന്ന് മനസ്സിൽ കുറിക്കുന്ന ഓരോ മനുഷ്യനും കാര്യങ്ങൾ കഥയിൽ ആകമാനം ഉൾപ്പെടുത്തിയിരിക്കുന്നു. വരും തലമുറയുടെ നിലനിൽപ്പിന് നേരെയുള്ള ഭീക്ഷണികൾ മറികടുക്കുന്നതിനായി പുതിയ യാത്ര നടത്തുന്ന മത്സ്യങ്ങളാണ് അഴകനും പൂവാലിയും. തന്റെ അടുത്ത പരമ്പരയെ ഭൂമിയിലേക്കെത്തിക്കാൻ കവ്വായികായലിൽ നിന്നും സൂലാപ്പ് കാവിലേക്കുള്ള യാത്രയാണ് കഥയുടെ ആദ്യഭാഗം കടന്നുപോകുന്നത് ഇതിനിടയിൽ അഴകനും പൂവാലിയും തമ്മിലുളഅള പ്രണയം എടുത്തുകാട്ടാനും എഴുത്തുകാരൻ മറന്നില്ല. വേനൽക്കാലമാക്കുമ്പോൾ മീനുകൾ കുന്നു കയറുന്നത് പതിവുള്ള കാഴ്ചയായിരുന്നു. പണ്ടൊക്കെ മണ്ണൻ മുതലകെയും നീർനായകളെയും പേടിച്ച് മീനുകൾ ഇപ്പോൾ അവെക്കാളേറെ ഭയ്ക്കകുന്നത് കുന്തവും വലയുമായിനിൽക്കുന്ന മനുഷ്യവർഗ്ഗത്തെയാണ്. മനുഷ്യൻ പ്രകൃതിയിലേൽപ്പികുന്ന ക്ഷതം യാത്രയിലുടനീളം കാണാൻ കഴിയും. കഥയിലെ മറ്റൊരു കഥാപാത്രമായ ബുദ്ധ സ്പർശനമേറ്റ് തവളയിലൂടെ എഴുത്തുകാരൻ പരിസ്ഥിതികനാശമെന്ന പ്രതിസന്ധി

മറികടക്കാൻ അഹിംസയെ മുറുക്കിപ്പിടിക്കുക. എന്ന സന്ദേശമാണ് നൽകുന്നത്. പാരിസ്ഥിതിക നവോകത്ഥാനത്തിന്റെ കിളിപ്പാട്ട് ഇനിയും ഉണ്ടാകേണ്ടതുണ്ട് എന്ന സൂചന നൽകുന്ന കിളിമകൾ എന്ന കഥാപാത്രം പ്രതിസന്ധികളെ മറികടക്കുമ്പോഴാണ് അതിജീവനം എന്ന വലിയ സന്ദേശം കഥ നൽകുന്നു.

ശുദ്ധജലമില്ലായ്മ, ചൂട് എല്ലാം മനുഷ്യ പ്രവർത്തിയുടെ അന്തരഭലമാണ്. മനുഷ്യൻ ഭൂമിയേയും പ്രകൃിതിയേയും അത്യന്തം പീഠിപ്പിക്കുന്നു. ഭൂമിയെ ഒരു സ്ത്രീയായാണ് മനുഷ്യ സമൂഹം വാഴ്ത്തുന്നത് അങ്ങനെയെങ്കിൽ ഭൂമിയൊരു അതിജീവിതയാണ്. ഭൂമിയെ ഉപദ്രവിക്കുന്ന മനുഷ്യർ ജീവപര്യന്തം അനുഭവിക്കേണ്ടിവരും. രണ്ടു മത്സ്യങ്ങൾ വെറും രണ്ട് നെടുംചൂരി മത്സ്യങ്ങളുടെ കഥയല്ല ഒരു മുന്നറിയിപ്പാണ്. സ്റ്റീഫൻ ഞോക്കിങ് പറഞ്ഞത്പോലെ " എന്ത് നഷ്ട്ടപ്പെടുത്തി എന്നതിലല്ല എന്ത് ബാക്കിയുണ്ട് എന്നതിലാണ് കാര്യം" അതെ നഷ്ട്ടപ്പെട്ടത് തിരിച്ചുപിടിക്കാൻ കഴിയാത്ത വിധം വിദൂരതയിലേക്ക് നീങ്ങിക്കഴിഞ്ഞു. ബാക്കിയുള്ളതിനെ സംരക്ഷിക്കുകയെന്നതിലാണ് കാര്യം.

# ഒരു സങ്കീർത്തനം പോലെ

റഷ്യൻ സാഹിത്രകാരൻ ഫയദോർ ദസ്തയോവ്സ്കിയുടെ കഥ പറയുന്ന നോവലാണ് ഒരു സങ്കീർത്തനം പോലെ. ഒരു കലാകാരന്റെ ഉൽക്കൃഷ്ടമായൊരു കലാസൃഷ്ടി അനുഗ്രഹീതമായ ഒരു നിമിഷ്ത്തിലെ വെളിപാടാണെന്നും, ആശയങ്ങളുടെ തിരഞ്ഞെടുപ്പ് പോലും ആ നിമിഷത്തിലെ പ്രേരണ അന്താരാത്മാവിലുണ്ടാക്കുന്ന വെളിപാടാണെന്നും ഈ നോവൽ ഓർമ്മിപ്പിക്കുന്നു.



ഫയദോർ ദസ്തയോവ്സ്കി, അന്നഗ്രിഗറീവ് സ്നിറ്റ്കിന കഎന്നിവരാണ് ഇതിലെ പ്രധാനകഥാപ്ത്രങ്ങൾ. കൂടാതെ ദസ്തയോവസ്കിയുടെ വീട്ടുവേലക്കാരിയായ വൽസ്ല്യവും സ്നേഹവും നിറഞ്ഞ ഫെദോസ്യ, ക്രൂരനായ ഒറു പുസ്തകകടക്കാരൻ സ്റ്റെല്ലോവ്സ്കി, ദയാലുവായ അലോൻകിൻ എന്ന വീട്ടുടമ, ചൂതുകലിക്ക് പണം കടം കൊടുക്കുന്ന സ്രിസറിയാകോവ് എന്ന വൃദ്ധന തുടങ്ങിയവരും ഇതിൽ കഥാപാത്രങ്ങളായി വരുന്നു.

വിശ്വവിഖ്യാത സാഹിത്രകാരനായ ദസ്തയോവ്സ്കി 'ചൂതാട്ടക്കാരൻ' എന്ന കൃതി രചിക്കുന്ന കാലത്തെ അദ്ദേഹത്തിന്റെ ജീവിതമാണ് ഈ നോവലിൽ പെരുമ്പടവം ശ്രീധരൻ ചിത്രീകരിച്ചിരിക്കുന്നത്. ചൂതാട്ടക്കാരനും മദ്യപാനിയുമായെല്ലാം ജീവചരിത്രങ്ങളിലും മറ്റും എഴുതപ്പെട്ട് ദസ്തയോവ്കിയെ തികച്ചും വ്യത്യസ്തമായ ഒരു കോണിലൂടെയാണ് പെരുമ്പടവം ശ്രീധരൻ വീക്ഷിച്ചത്.

ഈ നോവൽ എഴുതിയിതിനുശേഷം പെരുമ്പടവം ശ്രീധരൻ പറയുന്നു ” ജീവചരിത്രക്കാരന്മാർ കാണിച്ചുതന്ന അപസ്മാര രോഗിയും മ്ദ്യപാനിയും ചൂതുകളിക്കാരനും അസന്മാർഗിയുമായ മസ്തയോവ്സ്കിയുടെ ഉള്ളിൽ വിശുദ്ധനായ മറ്റൊരു ദസ്തയോവ്സ്കിയെ അന്വേഷിക്കുകയാണ് ഞാൻ ചെയ്തത്. അദ്ദേഹത്തിന്റെ ഈ അന്വേഷണത്തെ സാധൂകരിക്കുന്നതാണ് ഈ നോവലും.

ആത്മനിന്ദ കൊണ്ട് പുളയുന്ന വികാരപ്രക്ഷുബ്ധമായ മനസ്സുള്ള ഒറു വ്യക്തിയെയാണ് ഈ നോവലിൽ നമ്മുക്ക് കാണാൻ കഴിയുക, അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് ഒറു സ്റ്റെനോഗ്രാഫറായി അന്ന കടന്നു വരുന്നു. ഒരേ സമയം ദസ്തയോവ്സികിയുടെ വന്യമായ മുഖവും പശ്ചാത്തവിവശമായ മനസ്സും അന്ന കണ്ടെത്തി. ദാരിദ്രവും കഷ്ടപ്പാടുകളും

തകർത്തു കളഞ്ഞ ദസ്തയോവ്സ്കി എന്ന വ്യക്തിത്വത്തെ അന്ന പുനർജീവിപ്പിച്ചു.

മദ്യപാനിയായ, ക്രൂരനായ ചൂതാട്ടക്കാരന്റെ ഉള്ളിലെ ആത്മനിന്ദയിലുരുകുന്ന മനസ്സും നിശ്കളങ്കമായ സ്നേഹവും തിരിച്ചറിഞ്ഞ അന്ന ദസ്തയോവ്സ്കിയോടൊപ്പം ജീവിതം പങ്കുവയ്ക്കാൻ തീരുമാനിക്കുന്നതോടെ ഈ നോവൻ അവസാനിക്കതുന്നു.


ജീവിതത്തിലെ ദാരിദ്രവും കഷ്ട്ടപ്പാടും മറ്റുള്ളവരുടെ അവഗനയും വെറുപ്പുമൊക്കെയാണ് ദസ്തയോവ്സ്കിയുടെ ജീവിതാവസ്ഥക്ക് കാരണമായി നോവലിസ്റ്റ്അറ് ചൂണ്ടിക്കാട്ടുന്നത്. ദാരിദ്രവും സമൂഹത്തിന്റെ അവഗണനയും മറ്റും മനുഷ്യനെ തെറ്റായ വഴിയിലേക്കു തിരിയാൻ പ്രേരിപ്പിക്കും.

അങ്ങനെ അവർ മദ്യവും ചൂതാട്ടവും പോലെയുള്ളവർക്ക് അടിമകളായിത്തീരും. അവർക്ക് വേണ്ട സ്നേഹവും പരിഗണനയും നാം നൽകുക എന്നതാണ് ഇതിനുള്ള ഏക പരിഹാരം.

---

ശിവാനി. ഡി. ജെ

8D



Amal
Babu.A.S
7 A

# മൃതസഞ്ജീവനി

മലയാളത്തിലെ പ്രശസ്തമായ എഴുത്തുക്കാരി ചന്ദ്രമതി ആയൂർ എഴുതിയ കഥായാണ് മൃൃതസഞ്ജീവനി. 1999-ൽ മികച്ച് ചെറുകഥാസമാഹാരത്തിനുള്ള സാഹിത്യ അക്കാദമി പുരസ്കാരം നേടിയിട്ടുള്ള എഴുത്തുക്കാരിയാണ്.



ശാസ്ത്രം കണ്ടുപിടിത്തങ്ങളുടെ ശൃംഖലയാണ്. ഇനിയും കണ്ടെത്താത്ത നിരവധി അത്ഭുതങ്ങളുള്ള ഒറു മഹാഗോളമാണ് നമ്മടെു ഭൂമി. മരണം ലോകത്ത് സാധാരണമാണ് പക്ഷേ

അതിനെ എങ്ങനെ അതിജീവിക്കാം എന്ന മനുഷ്യൻ ഇപ്പോഴും ചിന്തിക്കുന്നു. അത്തരം ചിന്തകൾക്ക് പൂർവസൂരികൾ സമാധാനം കണ്ടെത്തിയിരുന്നു എന്ന് പുരാണങ്ങളിലും ഇതിഹാസങ്ങളിലും കാണാം. ആ വിധ ചിന്തകളുടെ അടിസ്ഥാനത്തിലാണ് ചന്ദ്രമതി ആയൂർ മൃതസഞ്ജീവനി എന്ന ഈ ശാസ്ത്രകഥ രചിച്ചത്.

വീട്ടുകാരുമൊത്ത് കപ്പൽ യാത്രാ ചെയ്യുന്നതിനിടെ കപ്പൽ അപകടത്തിലായി അതിൽ നിന്ന രക്ഷപ്പെട്ട് തന്റെ കുടുംബത്തെ പോലും എവിടെ എന്ന അറിയാതെ ഏകനായി ഒരു ദ്വീപിൽ എത്തിപ്പെട്ട വിഷ്ണു എന്ന ബാലന്റെ കാഴ്ചപാടിലൂടെയാണ് കഥ മുന്നോട്ട് പോകുന്നത്. വിചിത്രമായ ദ്വീപിലെ കാഴ്ചകളിലൂടെ അവൻ ആ ദ്വീപുനിവാസികളെ പരിചയപ്പെടുന്നു. മരണമില്ലാത്ത വ്യത്യസ്ഥരായ ആളുകളായിരുന്നു അവർ . അവർക്ക് ഒരു

ഔഷധവിദകത്തൻ ഉണ്ടായിരുന്നു. അദ്ദേഹമാണ് ഒരു ഔഷധവിദകത്തൻ ഉണ്ടായിരുന്നു. അദ്ദേഹമാണ് എല്ലാവർക്കും ജീവൻ നൽകുന്നത്. കടൽ കടന്നുവരുന്ന അടുത്ത വ്യക്തിയായിരിക്കും അടുത്ത ഔഷധവിദകത്തൻ കടൽ കടന്ന് വന്ന അപ്പുവിന് അത് നിമിത്തമായി. ഇനി അടുത്ത ഔഷധവിദകത്തനാകാൻ അപ്പുവിനെ അവരുടെ വിദകത്തൻ അറിവുകൾ പകർന്നു കൊടുത്തു. അവനെ മറ്റുള്ളവരെ പുനർജീവിപ്പിക്കാനുള്ള വിദ്യകൾ അടക്കം പഠിപ്പിച്ചു. ഒടുവിൽ തന്റെ നാട്ടിൽ മടങ്ങിപോയി തന്റെ കുടുംബത്തിനെ കാണാൻ അപ്പു വളരെ ആഗ്രഹിച്ചു. അപ്പുവിന്റെ അതിയായ മോഹം മനസ്സിലാക്കിയായ രോഗവിദകത്തൻ അപ്പുവിനെ നാട്ടിലേക്ക് അയക്കുന്നു. പോകുന്ന വഴിയിൽ താൻ യാത്രാ ചെയ്ത്ത് കപ്പലിലെ കപ്പിത്താനെ അപ്പു സുഖപ്പെടുത്തി. നാട്ടിലെത്തിയ

അവൻ തന്റെ വീട്ടുക്കാരെ അന്വേഷിച്ചു മരിച്ചുവോ അവർ ജീവനോടെ ഉണ്ടോ എന്ന അറളയതെയുള്ള തിരച്ചിൽ. ഒടുവിൽ ◌്യൻ വീട്ടിൽ എത്തി പക്ഷേ 10വർഷത്തിന ശേഷം അവൻ ചെല്ലുമ്പോൾ കേട്ടത് തന്റെ അനിയത്തിയുടെ മരണമാണ്. പാമ്പുകടിയേറ്റ് മരിച്ച അനിയത്തിയെയും അവൻ പുനർജീവിപ്പിക്കുന്നു. രതന്റെ മക്കളെ തിരിച്ചു ലഭിച്ചത്തിൽ ആ മാതാപിതാക്കൾ സന്തുഷ്ടരായി. ഒരു മനുഷ്യന്റെ മരണമില്ലാത്ത അവസ്ഥയെ ഉണ്ടാക്കിയെടുക്കുന്ന ഒരു മൃതസഞ്ജീവനി തന്നെ അവസാനം അപ്പുവിന്റെ കയ്യിലുണ്ടായിരുന്നു. ഇതിഹാസങ്ങളിൽ മാത്രം കാണുന്ന മൃതസഞ്ജീവനി മനുഷ്യരിൽ വരുമ്പോളുള്ള മാറ്റങ്ങളെയും പുതിയൊരു ലോകത്തെയും ഇവിടെ കഥാക്കാരി ചൂണ്ടിക്കാട്ടുന്നു.

അക്സാ മേരി
9E

# തലമുറകൾ നെഞ്ചിലേറ്റിയ കൃതി

മുട്ടത്തുവർക്കി രചിച്ച വളരെ മനോഹരമായ ഒരു നോവൽ ആണ് ഒരു കുടയും കുഞ്ഞുപെങ്ങളും. മലയാളസാഹിത്യത്തിലെ ഒരു ജനപ്രിയ എഴുത്തുകാരൻ ആയിരുന്നു അദ്ദേഹം, ജീവിത യഥാർത്ഥ്യങ്ങളെ സാഹിത്രത്തിൽ അവതരിപ്പിച്ച സാഹിത്രക്കാരൻ സച്ചിദാനന്ദൻ അവാർഡിനായി തിരഞ്ഞെടുക്കപ്പെട്ട കവി. തുടങ്ങി നിരവധി സവിശേഷതകൾ ഒത്തിണങ്ങിയ ഒരു എഴുത്തുക്കാരൻ ആണ് മുട്ടത്തുവർക്കി. ഒരു കുടയും കുഞ്ഞുപെങ്ങലും എന്ന കൃതി രചിച്ചതും മുട്ടത്തു വർക്കി ആണ്.



സ്റ്റേഹ ബന്ധുങ്ങളുടെ മഹത്വത്തിലേക്ക് കുട്ടികളെ കൈപിടിച്ചാനയിക്കുന്ന മുട്ടത്തുവർക്കിയുടെ രചനയാണ് ഒരു കുടയും കുഞ്ഞുപെങ്ങളും. ഇതന്റെ രചനാശൈലി മുതിർന്നവരെയും കുട്ടികളെയും ഒരു പെലെ ആകർഷിക്കുന്നു ഈ കാരണം തന്നെയാവും അത് തലമുറകൾ നെഞ്ചിലേറ്റാൻ കാരണവും മലയാള ബാലസാരഹിത്യത്തിൽ എന്നെന്നും തിളങ്ങി നിൽക്കുന്ന രചനയാണ് ഒരു കുടയും കുഞ്ഞുപെങ്ങളും.

മാതാപിതാക്കൾ ഇല്ലാതെ അമ്മയുടെ സഹോദരിയോടൊപ്പം വളർന്ന ബേബി, ലില്ലി എന്നീ കുട്ടികളാണ് ഈ കഥയിലെ പ്രധാന കഥാപ്ത്രങ്ങൾ. തന്റെ കുഞ്ഞുപെങ്ങങ്ങളെ കുടക്കീഴിൽ കയറ്റാത്ത കാരണത്താൽ പൂമംഗലം വീട്ടിലെ ഗ്രേസി എന്ന കുട്ടിയുടെ തലയിൽ കല്ലെറിഞ്ഞ ബേബി പരുക്കേൽപ്പിക്കുന്നു.

സമ്പന്നയായ വീട്ടിലെ പെൺകുട്ടിയായതിനാൽ പോലീസുകാർ അവനെയന്വേഷിക്കാൻ തുടങ്ങി. നാട്ടിൽ നിൽക്കാൻ കഴിയാത്ത അവസ്ഥയായതിനാൽ ലില്ലിക്ക് ഒറു കുട വാങ്ങിക്കൊണ്ട് വരാമെന്ന് ഉറപ്പു നൽകി ബേബി നാടുവിടുന്നു. ആദ്യം ഒറു ബസ് സ്റ്റോപ്പിൽ ചുമട്ടുതൊഴിലാളിയായി ജോലി ചെയ്യുകയാണ് ബേബി പക്കൽ നിന്നും നഷ്ട്ടപ്പെട്ടുപോയ ഒറു മണിപ്പേഴ്സ് ലഭിക്കുന്നു. അത് അവരുടെ കൈയിൽ നിന്നും താഴെ വീഴുന്നത് അവൻ കണ്ടതാണ്. അവൻ അത് ആ സ്ത്രീക്ക് തിരികെ കൊണ്ട കൊടുക്കുന്നു. പിന്നെ ബസ് സ്റ്റോപ്പിലെ ജോലി ഉപേക്ഷിച്ച് ഒരു ഹോട്ടൽ ജീവനക്കാരനായി ജോലി നോക്കുകയാണ് ബേബി. അപ്പോൾ അവൻ പേഴ്സ് തിരികെ കൊടുത്ത സൗദാമിനി എന്ന സ്ത്രീ അവനെ കാണുകയും അവരുടെ വേലക്കാരൻ പയ്യനായി ബേബി കൂടെ

പോവുകയും ചെയ്യുന്നു. ഈ സമയം ദുഷ്ടയായ പേരമ്മയുടെ ക്രൂരപീഡനങ്ങളിൽ മനം മടുത്ത ലില്ലി തന്റെ സഹോദരനെ തേടി വീടുവിട്ടിറങ്ങുന്നു. ഡോക്ടർ ജോൺ എന്ന ഒരു വിശാലമനസ്കനായ മനുഷ്യൻ അവളെ ദത്തുപുത്രി ആയി സ്വീകരിക്കുന്നു. അദ്ദേഹത്തിന്റെ മക്കളായ ജോയിക്കും മോളിക്കും ഒപ്പം ആ വീട്ടിലെ ഒരംഗത്തെപ്പോലെ അവളും കഴിയുന്നു. സൗദാമിനി എന്ന സംഗീത ടീച്ചർ ഡോക്ടർ ജോണിന്റെ വീട്ടിൽ സംഗീതം പഠിപ്പിക്കാൻ എത്തുന്നു. അങ്ങഅങ്ങനെ സൗദാമിനി എന്ന സ്ത്രീയുടെ സംരക്ഷണയിലായിരുന്ന ബേബിയും ഡോക്ടർ ജോണിന്റെ സംരക്ഷണയിലായിരുന്ന് ലില്ലിയും കണ്ടുമുട്ടുന്നു. വർഷങ്ങൾക്കുശേഷം ബേബി മോളിയെയും ലില്ലി ജോയിയെയും വിവാഹം കഴിക്കുന്നു. ഡോക്ടർ ജോണിന്റെ ആശുപ്ത്രി ബേബിയും അദ്ദേഹത്തിന്റെ എസ്റ്റേറ്റ് ജോയിക്കും നൽകുന്നു.

സഹോദരസ്നേഹത്തെ പറ്റിയാണ് ഈ നോവലിൽ പരാമർശിക്കുന്നു. അകന്നുപോയ സഹോദരങ്ങൾ നിമിത്തങ്ങളിലൂടെ വീണ്ടും ഒന്നിക്കുന്നു. നന്മയുള്ള ഹൃദയങ്ങൾക്ക് ഉടമസ്ഥരായ ആൾക്കാർ അതിന് സാക്ഷ്യം വഹിക്കുന്നു. ഒടുവിൽ ഇല്ലായ്മമഴിൽ നിന്നും ഉയർച്ചയിലേക്ക് ഈ നോവലിലെ പ്രധാനവും മനസ്സിനെ കുളിരണിയിപ്പിക്കുന്നതും അയ ഒറു ഭാഗമാണ് ബേബിയുടെയും ലില്ലിയുടെയും സംഗമം. ഏറ്റവും ഹൃദയ സ്പർശിയായതും അതു തന്നെയാണ്.

---

ആദില. എൻ

7C

# രണ്ട് മത്സ്യങ്ങൾ

അംബികാ സുതൻ മാങ്ങാടിന്റെ ജീവിത വീക്ഷണം തരുന്ന ചെറുകഥയാണ് രണ്ട് മത്സ്യങ്ങൾ. അഴകനും പുവാലിയും എന്ന രണ്ട് മത്സ്യങ്ങളുടെ ജീവിതകഥയ്ക്കപ്പുറം പ്രകൃതിയെയുടെ വികസനത്തെയുമാണ് കൂടുതൽ കവിയത്രി ചൂണ്ടിക്കാട്ടാൻ ശ്രമിക്കുന്നത്. കവ്വായി കായലിൽ നിന്ന ശൂലാപ്പ് കാവിലേക്ക് മുട്ടയിടാനായി പോകുന്ന മത്സ്യങ്ങൾ മനുഷ്യരിൽ നിന്നും നേരിടുന്ന പ്രശ്നങ്ങളെ കഥിയൽ കാണാം. മനുഷ്യർ തങ്്ഹളുടെ ആവശ്യത്തിനായി മാത്രം പ്രവർത്തിക്കുന്നു മറ്റ് ജീവജാലങ്ങളെ അവ വകവയ്ക്കകുന്നില്ല. മനുഷ്യരുടെ ആക്രമണത്തിൽ നിന്ന രക്ഷപ്പെട്ട് മത്സ്യങ്ങൾ ബുദ്ധന്റെ കാൽസ്പർശത്താൽ ചിരഞ്ജീവിയായ തവളയെ കാണുന്നു. തവള ശൂലാപ് കാവിലെ കഥകൾ അവരോട് പറയുകയും മനുഷ്യർ

വികസനത്തിനു വേണ്ടി നശിപ്പിക്കുന്ന ശൂലാപ്പ് കാവിനെയും കാട്ടികൊടുക്കുന്നു. ശൂലാപ്പ്കാവിൽ മനുഷ്യർ കൊന്ന കളഞ്ഞ തന്റെ പ്രിയതമനെ ഓർത്ത് വിലപ്പിച്ച് കൊണ്ടിരുന്ന ഒറു പക്ഷിയെയും വിളിച്ച് നീകണ്ടത് ലോകം മുഴുവൻ അറിയിക്കുക എന്ന ഉത്തരവാദിത്വം പക്ഷിയെ ഏൽപ്പിച്ച് തവള തന്റെ കടമകൾ തീർത്ത് കഥയുടെ അവസാനം യാത്രയാകുന്നു. മത്സ്യങ്ങളും സുരക്ഷിതം അല്ലാത്ത ജീവിതവുമയി യാത്രയാകുന്നു. മനുഷ്യന്റെ ദുഷ്പ്രവർത്തികളെ മാറ്റി അവരെ ബോധവാനാക്കുവാനുള്ള ഒരു കഥകൂടിയാണ് അംബികാ സുതൻ മാങ്ങാടിന്റെ രണ്ട് മത്സ്യങ്ങൾ.

---

അക്സാ മേരി സാംസൺ
9E

Abhilash
6 A



# രണ്ട് മത്സ്യങ്ങൾ

അംബികാസുതൻ മാങ്ങാടിന്റെ രണ്ടു മത്സ്യങ്ങൾ എന്ന കൃതിയ്ക്ക് അനുപദമായി അദ്ദേഹം എഴുതിയ കൃതിയാണ് വീണ്ടും രണ്ട് മത്സ്യങ്ങൾ എന്ത്. മത്സ്യങ്ങൾ തങ്ങളുടെ ശൂലാപ് കാവിലേക്കുള്ള യാത്ര തുടരുമ്പോൾ പാറപാത്തുകളും ഗർത്തങ്ങളും മാത്രമാണ് അവർക്ക് കാണാൻ കഴിയുന്നത്. മഴുണ്ടെങ്കിൽ കൂടി അവർ യാത്ര തുടരാൻ സാധിക്കുന്നില്ല അങ്ങനെ അവരുടെ യാത്ര അവസാനിക്കുന്നത്. ഒരു കർഷകന്റെ അടുക്കലാണഅ അവിടെ എത്തി ശൂലാപ്ക്കാവിലെക്കുള്ള വളി ചോദിക്കുമ്പോൾ തന്റെ മകന്റെ എടുത്ത ചോദിക്കാമെന്നും അവന്റെ പക്കൽ എല്ലായിടത്തേക്കുമുള്ള വഴി അറിയാമെന്നും കർഷകൻ പറയുന്നു.

മഴയുടെ കാലം തെറ്റിയുള്ള വരവിനാൽ ജീവിതം

വഴിമുട്ടിനിൽക്കുന്ന കർഷകനാണ് അദ്ദേഹം. ഒരു വർഷത്തിൽ മൂന്ന് തവണ വീളവിറക്കുന്ന കർഷകനായിരുന്നു അദ്ദേഹം എന്നാൽ കാലം തെറ്റിയുള്ള മഴയിൽ അദ്ദേഹം കൃതിയ്ക്ക് നാശം സംഭവിക്കുന്നു. മനുഷ്യന്റെ കടന്നുകയറ്റം മൂലം പ്രകൃതിയ്ക്കും മഴയ്ക്കും ഉണ്ടാകുന്ന വെല്ലുവിളികളാണ് ഇവിടെ നാം കാണുന്നത്.

പ്രകൃതിയുടെ അന്ത്യം കുറിക്കുന്ന ആധുനിക ലോകത്തിലാണ് അഴകനും പൂവാലിയും ഇപ്പോൾ എത്തിയിരിക്കുന്നത്. ശൂലാപ് കാവിലേക്കുള്ള വഴി തേടി മത്സ്യങ്ങൾ കർഷകന്റെ മകന്റെ അടുത്ത് എത്തുന്നു. എന്നാൽ മത്സ്യങ്ങളെ കണ്ട് ഉടനെ മകനായ ബലരാമൻ അതിന്റെ ചിത്രം പകർത്തി സാമൂഹിക മാധ്യമങ്ങളിൽ ഇടുകയാണ്. എങ്ങും ഒരു ഇടവുമില്ലാതെ പകർത്തുന്ന അത് ശിയാണോ എന്ന പോലും ചിന്തിക്കാതെ അത്

പ്രചരിപ്പിക്കുന്ന മനുഷ്യനെ കുറിച്ചുള്ള പരിഹാസമാണ് നാം ഇവിടെ കാണുന്നത്.

മത്സ്യങ്ങൾ ജീവൻ നിലനിർത്താൻ വെള്ളം ചോദിക്കുമ്പോൾ വെള്ളം ഇവിടെ ഇല്ല എന്നും തങ്ങൾ മിനറൽ വാട്ടറാണ് ഉപയോഗിക്കുന്നത് എന്ന ജിലത്തിന്റെ ഒരു കണികപോലും അവശേഷിക്കാത്ത വരും കാലത്തെ കുറിച്ച് സൂചന നൽകുകയാണ് കഥാകൃത്ത് ഇവിടെ .
ഇല്ലാത്തിനും ഉത്തരം തരാൻ സധിക്കുന്ന ഗൂഗിളിൽ പോലും ശൂലാപ് കാവിലേക്കുള്ള വഴി തരാൻ സാധിക്കുന്നില്ല. പണ്ട് ജലസമൃദ്ധമായ ഈ ഗൂള്പ്കാവ് ഇന്ന ഗൂഗിളിൽ പോലും ഇടമില്ല.

വരാനിരിക്കുന്ന ഒരു കേരളം. മനുഷ്യന്റെ കടന്നുചേലുതൽ മൂലം. ആണ് ഇവിടെ മാങ്ങാട് വിവരിക്കുന്നത്. പ്രകൃതിയോടുള്ള പരിഭ്രമവും. തെറ്റിൽ നിന്ന് തെറ്റിലേക്ക് പോകുന്ന ഒരു നേരിലേക്ക് നയിക്കാനുള്ള ശ്രമവും നമ്മുക് വീണ്ടും രണ്ട് മത്സ്യങ്ങൾ എന്ന കൃതിയിൽ കാണാം.

# മൊബിഡിക്ക്

വിശ്വോത്തര ക്ലാസിക്ക് നോവലുകളിലൊന്നാണ് ഹെർമാൻ മെൽവിൽന്റെ മൊബിഡിക്ക്. മൊബിഡിക്ക് എന്ന തിമിംഗിലത്തെ വേട്ടയാടാൻ ഇറങ്ങുന്ന ഏഹാബ് എന്ന ഒറ്റക്കാലൻ കപ്പിത്താന്റെയും നാവികരുടെയും കഥായാണിത്. സംഘർഷഭരിതമായ മുഹൂർത്തങ്ങൾ നിറഞ്ഞ ഈ നോവലിന്റെ പുനരാഖ്യാനം എല്ലാ തരം വായനക്കാർക്കും ഇഷ്ടപ്പെട്ടും.



കഥയിലെ പ്രധാന കഥാപാത്രം എന്ന വിശേഷിപ്പിക്കുാവുന്ന "ഇഷ്മേൽ" എന്ന നാവികനിൽ നിന്നാണ് കഥ തുടങ്ങുന്നത്.

തിമിംഗിലവേട്ടക്കപ്പലിൽ ചേരണം എന്ന ആഗ്രഹവുമായി ന്യൂയോർക്കിലെ മാൻഹാട്ടൻ ദ്വീപിൽ നിന്ന് യാത്ര തിരിച്ച അയാൾക്ക് ഒരു രാത്രി ഒരു അപരിചിതനായ ഒരാളുടെകൂടെ സത്രത്തിൽ കിടക്ക പങ്കിടേണ്ടി വന്നു. ദേഹം മുഴുവൻ പച്ചകുത്തിയിരുന്ന ഒരു പോളിനേഷ്യക്കാരൻ ചാട്ടുളിവിദഗ്ധൻ ആയിരുന്ന ആ അപരിചിതന്റെ പേര് ക്വീകെ്വഗ് എന്നായിരുന്നു. തുറമുഖത്തും തിമിംഗിലക്കപ്പലിലെ യാത്രയ്ക്കിടയിലുമായി നോവലിലെ മുഖ്യസംഭവങ്ങളിൽ പ്രധാനപങ്കുവഹിക്കുന്ന ഒരു കഥപാത്രമാണ് ക്വീക്വെഗ്. ഒരു പ്രാകൃതനും നരഭോജികളുടെ ഗോത്രത്തിൽ നിന്നുള്ളവനുമായ അയാളെ നോവിലിലെ ആഖ്യാതാവായ ഇഷ്മേൽ അവതരിപ്പിക്കുന്നത് വലിയ സഹാനുഭൂതിയും ആദരവ്

ഉള്ളവനുമായിയാണ്. പെട്ടെന്നു തന്നെ ഇഷ്മേലും ക്വീക്വെഗും നല്ല സുഹൃത്തുകളായി മാറുന്നു. അവർ തിമിംഗിലവേട്ടയ്ക്ക് ഒരേ കപ്പലിൽ പോകുവാനും തീരുമാനിക്കുന്നു.

കഥയിലെ മറ്റൊരു പ്രധാന കഥാപാത്രമാണ് ഏഹാബ് എന്ന ഒറ്റക്കാലൻ കപ്പിത്താൻ അയാൾ ഇഷ്മേലും ക്വീക്വെഗും നാവികരായി യാത്ര ചെയ്യാൻ ഉടമ്പടി എഴുതിയ പെക്വേഡ് എന്ന കപ്പലിലെ കപ്പിത്താനാണ്. ഏഹാബിന് നല്ല ഉയരവും, വിരിഞ്ഞ മാറിടവും, മുഖത്ത് വെളുപ്പും നീലയും കലർന്ന ഒറു നീണ്ട പാടും ഉണ്ടായിരുന്നു. അയാളുടെ രണ്ടു കാലുകളിൽ ഒന്ന് സ്പേംതിമിംഗലത്തിന്റെ താടിയെല്ലുകൊണ്ട നിർമിച്ച ഒരു കുറ്റയായിരുന്നു. അയാളുടെ ആ കാല് മൊബിഡിക് എന്ന സ്പേംതിമിഗവുമായി ഉണ്ടായ ഏറ്റ്മുട്ടലിൽ നശ്ടപ്പെട്ടതാണ് എന്നും മൊബിഡിക്കിനോടുള്ള തന്റെ

പ്രതികാരം വീട്ടാനാണ് തങ്ങൾ പുറപ്പെട്ടതെന്ന് എന്നും നാവികരോട് ഏഹബ് യാത്രയ്ക്കിടയിൽ വ്യക്തവമാക്കുന്നു. തന്റെ ഒന്നാം മേറ്റായ സ്റഅറാർ ബക്ക് ഏബാബിനെ പിൻതിരിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഏഹാബ് വഴങ്ങുന്നില്ല. ◌ാന തടവിലാക്കപ്പെട്ട ഒരു മനഷ്യചേതനയാണ്. ആ ഭീത്തിപൊളിക്കാതെ എനിക്ക പുറത്തുകടക്കാൻ ആവില്ല. മൊബിഡിക്കാണ് ആ ഭിത്തി. എന്നുമാണ് സ്റ്റാർ ബക്കിനോടുളഅള ഏഹാബിന്റെ മറുപടി. മറ്റു കപ്പലുകളുമായി കടലിൽ വച്ചു നടക്കുന്ന പല സുഹൃദസംഗങ്ങളും നോവൽ വിവരിക്കുന്നുണ്ട്. ഇത്തരം കണ്ടുമുട്ടലുകളിൽ നാവികർ പരസ്പരം കപ്പലുകൾ സന്ദർശിക്കുന്നു. ഇങ്ങനെ കണ്ടു മുട്ടിയ കപ്പലുകളിലെ കപ്പിത്താന്മാരോട് ഏഫാബിന് ഒരു കാര്യം മാത്രമെ ചോദിക്കാൻ ഉണ്ടായിരുന്നുള്ളു.

ഹേയ്.. ഒറു വെള്ളത്തിമിംഗലത്തെ കണ്ടോ? എന്നായിരുന്നു അത്. ചെക്വേഡിലെ നാവികർ കണ്ടുമുട്ടിയ പല കപ്പലിലെ നാവികരും കപ്പിത്താന്മാരും മൊബിഡിക്കിന്റെ പിന്നാലെ പോകാതിരിക്കാൻ അവർക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. എന്നിട്ടും ഏഹോബിന് തന്റെ പ്രതികാരമായിരുന്നു വലുത്. പ്രതികരാദാഹിയായി ഏഹാബ് മൊബിഡിക്കിനെ വേച്ചയാടിപിടിക്കാൻ തന്നെ തീരുമാനിച്ചു. ഇതനിടെ ഇഷ്മേലിന്റെ സുഹൃത്ത് ക്വീക്വെഗ് കടുത്ത രോഗം പിടിപ്പെട്ട മരണത്തോടടുക്കകെയും കപ്പലിലെ ആശാരിയോട് തനിക്കായി ഒരു ശവപ്പെട്ടി നിർമ്മിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അയാളുടെ സുഖം പ്രാപിക്കുകയും ചെയ്യുന്നു. ഒടുവിൽ നോവലിന്റെ അന്ത്യരത്തിൽ മൊബിഡിക്കിനെ അവർ കണ്ടെത്തി. ആദ്യ രണ്ടു ദിവസം മൊബിഡിക്കിനെ അവർ

പിൻതുടർന്നെങ്കിലും വേട്ടയാടാൻ പറ്റിയിരുന്നില്ല. മൂന്നാം ദിവസമാണ് പിന്നെ അവർ മോബിഡിക്ക് കടലിൽ നിന്ന പൊന്തി വന്നപ്പോൾ അതിന്റെ ശരീരത്തോടു ചേർന്ന് ചാട്ടുളിക്കയറുകൾ കൊണ്ട് വരയപ്പെട്ട നിലയിൽ ഫെദള്ളാ എന്ന പെക്യോസിലെ കാണാതായ നാവികന്റെ മൃതദേഹം കാണാമായിരുന്നു. കപ്പലിൽ നിന്ന മാറപ്പൊയകൊണ്ടിരുന്ന മൊബിഡിക്കിനെ ഏഹാബും മറ്റു നാവികരും കൂടി വേട്ടയാടാനുള്ള ശ്രമം തുടങ്ങിയിരുന്നു. സ്റ്റാർബക്ക് അവസ്◌ാനമായി ഒന്നുകൂടി ഏഹാബിനെ പിൻതിരിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും നടക്കുന്നില്ല. ഏഹാബ് തന്റെ വിനാശകരമായ വേട്ട തുടർന്നു. മൂന്നു നനകകളിൽ രണ്ടെണ്ണം കേടായതോടെ അത് കപ്പലിലേക്ക് മടങ്ങി പോയി. പിന്നെ അവശേഷിച്ചത് ഏഹാബിന്റെ നനക മാത്രമാണ്. ഏഹാബ് മൊബിഡിക്കിന

നേരെ ചാട്ടുളി എറിഞ്ഞെങ്കിലും കയർ പൊട്ടി പയി. അതോടെ മൊബിഡിക്ക് കപ്പലിനെ തന്നെ ആക്രമിച്ചു. കപ്പൽ മുങ്ങാൻ തുടങ്ങി. മൊബിഡിക്കിനു നേരെ വീണ്ടും ചാട്ടുളി എറിഞ്ഞ ഏഹാബിന്റെ കഴുത്തിൽ ചാട്ടുളിക്കയർ ചുറ്റയിതോടെ തിമിംഗലം അയാളെ കടലിന്റെ ആഴത്തിലേക്കു വലിച്ചു കൊണ്ടുപോയി. അങ്ങഅങ്ങനെ പെക്വോഡ് എന്ന കപ്പലും അഹാബിന്റെ നൗകയും കപ്പലിലെ നാവികരും കടലിന്റെ അനന്തതയിൽ മുങ്ങി.

കഥയിലെ പ്രധാന കഥാപാത്രമായ ഇഷ്മേൽ മാത്രമാണ് ജീവിച്ചിരുന്നത്. അയാൾക്ക് രക്ഷയായത് ക്വീക്വെഗിനു വേണ്ടി നിർമ്മിച്ച ശവപ്പെട്ടിയായിരുന്നു. വായിച്ചതിൽ വച്ച് വളരെ അധികം ഇഷ്ടപ്പെടുകയും വ്യത്യസ്തവും ആയി തോന്നിയ കഥയാണ് ഇത്. ഇതിൽ എന്റെ ഇഷ്ട കഥാപാത്രം ക്വീക്വെഗാണ്. വിചിത്ര രൂപിയാണെങ്കിലും ഒരു നല്ല മനസ്സിന് ഉടമയാണ് അയാൾ.

ലക്ഷമി.ജെ.എമ _

7F

# ഉമ്മാച്ചു

മലയാളത്തിലെ പ്രിയപ്പെട്ട എഴുത്തുകാരൻ ഉറൂബ് എന്ന പി.സി കുട്ടികൃഷ്ണന്റെ ജന്മവാർഷിക ദിനമാണ് ജൂൺ 8 . യൗവനം അവൻ എന്നാണ് ഉറൂബ് എന്ന അറബി വാക്കിന്റെ അർത്ഥം. ഉറൂബ് എന്ന സാഹിത്യകാരൻ മലയാളത്തിൽ സമ്മാനിച്ച കൃതികളുടെ കാര്യവും മറിച്ചല്ല. മലയാള സാഹിത്യലോകത്ത് ഇന്നും പുതുമ ചോരാതെ നിൽക്കുന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ ഓരോന്നും. ഉമ്മാച്ചു എന്ന വളരെ പ്രശസ്ത നോവൽ അതിൽപ്പെട്ടതാണ്.

ഒരു സ്ത്രീയുടെ മാനസികവ്യാപ്യാരങ്ങളെ അഗാധമായ ഉൾക്കാഴച്യോടെ ചിത്രീകരിക്കുന്ന നോവലാണ് ഉമ്മാച്ചു മായനെ സ്നേഹിക്കുകയും അയാലുടെ ഘാതകനായ ഉമ്മാട്ടു എന്ന സ്ത്രീയുടെ കഥയാണ് തന്റെ

അനശ്വരനോവലിലൂടെ ഉറൂബ് പറയുന്നത്.

നാട്ടിൽ തിരിച്ചെത്തിയ മഴൻ എന്ന കഥാപാത്രം വീടുപണിതു ഇടനിലക്കാർ മുഖേന വിധവയായ ഉമ്മാച്ചുവിന് വിവാഹാലോചനയും നടത്തി. അങ്ങനെ അവർ തമ്മിലുള്ള വിവാഹം നടന്നു. അവർക്കു രണ്ട് കുട്ടികൾ ഇണ്ടായി. ഹൈദ്രോസും മരക്കാരും. ഒറു നാൾ ത്റെ ബാപ്പയുടെ കൊലയാളി മായൻ ആണെന്ന സ്ത്യം അബ്ദു ഉമ്മാച്ചുവിനോട് പറഞ്ഞു. ഇത് അറിഞ്ഞ മയൻ വയനാട്ടിലേക്കു മടങ്ങി. തന്റെ ജോലികൾ ഓരോന്നായി അയാൾ പൂർത്തിയാക്കി. ഹസനെയും വേക്കാരി ആമിനയെയും ഒന്നിപ്പിച്ചു. വീടും സ്ഥലവും അവരുടെ പേരിൽ എഴുതിവച്ചു. ഒടുവിൽ ഒരു കഷ്ണം തുണിയിൽ മായൻ ജീവനൊടുക്കി. ഈ വാർത്ത് അറിഞ്ഞ് ഉമ്മാച്ചു ആകെ തളർന്നു. അബ്ദു തന്റെ വാപ്പയുടെ സുഹൃത്തായ

ചാപ്പുണ്ണിനായരുടെ മകൾ ചിന്നമ്മുവിനെ വിവാഹം കഴിച്ച് ശിശഅടക്കാലം ജീവിച്ചു.
വളരെ മനോഹരവും
ഓരോ ഇതളുകൾ വായിച്ചുകഴിഞ്ഞ് അടുത്തതിലേക്ക് കടക്കുമ്പോൾ അതിൽ എന്താണ് എന്നുള്ള ആകാംക്ഷ നമ്മിൽ ഉടലെടുക്കുന്നു. വളരെ മനോഹരമായ ഒരു നോവലാണിത്.

ആദിലാ. എൻ 7C

# ആടുജീവിതം

ബന്യാമിൻ എഴുതിയ മലയാള നോവലാണ് ആടുജീവിതം. വിലിയ സ്വപ്നങ്ങലുമായി സൗദി അറേബിയയിൽ ജോലിക്കായി പോയി വഞ്ചിക്കപ്പെട്ട്, മരുഭൂമിയിലെ ഒരു ആടുവളർത്തൽ കേന്ദ്രത്തിലെ ദാരുണ സാഹചര്യത്തിൽ മൂന്നിലേറെ വർഷം അടിമപ്പണി ചെയ്യേണ്ടി വന്ന നജീബ് എന്ന മലയാളി യുവാവിന്റെ കഥയാണ് ഈ കൃതി. 2008 ആഗസ്റ്റ് മാസം ആദ്യപതിപ്പിറങ്ങിയ ആടുജീവിതം, 2009ൽ സാഹിത്യ അക്കാദമിയുടെ ഏറ്റവും നല്ല മലയാള നോവലിനുള്ള അവാർഡിനു തിരഞ്ഞെടുക്കപ്പെട്ടു.



തൊഴിലാളിയായി ജോലി ചെയ്തിരുന്നു നജീബ് , ഒരു സുഹൃത്തന്റെ ബന്ധു വഴി കിട്ടിയ തൊഴിൽ വിസയിലാണ് സൗദി അറേബിയിലേക്ക പോയ്ത്. കൂടെ അതേ വഴിക്കു തന്നെ വിസ കിട്ടിയ ഹക്കീം എന്ന കൂട്ടുകാരനും ഉണ്ടായിരുന്നു. റിയാദിൽ വിമാനമിറങ്ങിയ അവർ വിമാനത്താവളത്തിൽ അവരുടെ സ്പോൺസറെ അന്വേഷിച്ചു നടക്കുന്നതായി തോന്നിയ ഒരു അറബിയെ കണ്ടുമുട്ടുകയും സ്പോൺസറാണ് എന്ന് തെറ്റിദ്ധരിച്ച് അയാളുടെ കുടെ പോകുകയും ചെയ്തു. അവർ ചെന്നെത്തിയത് മസ്ര ◌െന്നറിയപ്പെടുന്ന രണ്ട് വ്യത്യസ്തമായ ആടുവളർത്തൽ കേന്ദ്രത്തിലായിരുന്നു. ആടുകൾക്ക് നാട്ടിലെ കഥാപാത്രങ്ങളുടെയും ബന്ധുകളുടെയും പേരുനൽകി അവരുമായി സംബദിച്ചാണ് തന്റെ ഏകാന്തതക്ക് നജീബ് അശ്വാമം കണ്ടെത്തിയത്. ഇതിനടെ ഹക്കീം

ജോലിചെയ്യതിരുന്ന മസറിയിൽ ഇബ്രാഹീം ഖാദരി എന്ന സെവാലിയക്കാരൻക്കൂടി ജോലിക്കാരനായി വന്നു. ഒളിച്ചോടാനുള്ള അസ്ഥ കാത്തിരുന്ന ഹക്കീമും ഖാദരിയും നജീവും മാസറകളിലെ മുതലാളിമാർ അവരിൽ ഒരാളുടെ മകളുടെ വിവാഹത്തിൽ പങ്കെടുക്കാന പോയ അവസരം ഉപയോഗിച്ച ഒളഇച്ചോടി. മരുഭൂമിയിലൂടെ ദിവസങ്ങൾ നീണ്ടുനിന്ന പലായന്ത്തിൽ ദിശന്ഷ്ടപ്പെട്ട് അവർ ദാഹവും വിശപ്പും കൊണ്ടുവലഞ്ഞു. യാത്രയ്ക്കിടയിൽ ദാഹം സഹിക്കാതെ ഹക്കീം മരിച്ചു. പിന്നെയും പലായനം തുടർന്ന നജീബം ഖാദരിയും ഒടുവിൽ മരുപ്പച്ച കണ്ടെത്തി. അവിടെ ദാഹം തീർത്ത കുറച്ചു ദിവസം തങ്ങിയ ശേഷം അവർ വീണ്ടും യാത്ര തുടര്ന്ന. ഒടുവിൽ നജീബ് ഒരു ഹൈവേയിലെത്തിയപ്പോൾ ഖാദരിയെ കാണാതിയിരുന്നു. അവിടെ നിന്നും ഒരറബി അയാളെ കാറിൽ കയറ്റി, അടുത്ത

പട്ടണമായ റിയാദിലെ ബത്ഹയിൽ എത്തിച്ചു. അങ്ങനെ നജീവ് ആ നരകത്തിൽ നിന്നും മോചിക്കപ്പെടുന്നു.

ഈ കഥ ആസ്പധമാക്കി ബ്ലെസ്സിമംബിധാനം ചെയ്യുന്ന സിനിമയാണ് ”ദി ഗോട്ടലൈഫ് ”നജീബ് എന്ന വ്യക്തിക്ക് ജീവന നൽകുന്നത് ഏപ്രിൽ 10 2024ൽ ആദ്യ ഷോ തിയേറ്ററുകളിൽ എത്തുമെന്നാണ് കണ്ടെത്തലുകൾ ’


---

ആര്യൻ.പി

8E

# ഇന്ത്യയെ കണ്ടെത്തൽ

ഭാരതത്തിന്റെ മഹത്തായ സംസ്കാരവും പാരമ്പര്യവും, ഇന്ത്യയെന്ന രാജ്യത്തിന്റെ ജനനത്തിന് വഴിതെളിച്ച സ്വാതന്ത്ര സമരത്തന്റെ ശ്രദ്ദേയമായ സംഭവങ്ങളും വിശദമാക്കുന്ന, സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ക്ലാസിക്ക് കൃിതി.




അഹമ്മദ് നഗർ കോട്ടജയിലിൽ, തടവുകാരനായിരിക്കെ അദ്ദേഹം എഴുതിയ ഈ വിശ്വപ്രസിദ്ധ

ഗ്രന്ഥത്തിൽ ചരിത്രാതീതകാലം മുതൽ കൊളോണിയൽ ഭരണം വരെയുള്ള കാലഘട്ടവും സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ദശകങ്ങളിലെ സ്വപ്നങ്ങലും യാഥാർത്ഥ്യങ്ങഅങ്ങളും സവിഡ് തരം പ്രതിപാദിക്കുന്നു.

ലോകം കണ്ട ഏറ്റവും പ്രഗൽഭരായ വ്യക്തികളിൽ ഒരാളായ ആൽബേർട്ട ഐൻസ്റ്റീൻ ഈ പുസ്തകത്തെപ്പറ്റി അഭിപ്രായപ്പെട്ടത് ഇങ്ങനെ മഹത്തായ ഒരു രാജ്യ്ത്തിതന്റെ പ്രോജ്ജ്വലമായ ബൗദ്ധിക ആത്മീയ പാരമ്പ്രയ്ത്തെക്കുറിച്ച് ഈ ഗ്രന്ഥം അറിവു നൽകുന്നു. ഇന്നത്തെ കാലത്തെ കുട്ടികളായ നമ്മൾ ഈ മഹാസാമ്രാജ്യത്തെ പറ്റിയുളഅള ഈ പുസ്തകം വായിക്കേണ്ടുതു തന്നെയാണ്.

---

ശ്രീറാം ഹരികുമാർ
8H


Diya.P.R
7 C

# പുഴമകൾ മലയോട് പറഞ്ഞത്

പുഴമകൾ മലയോടു പറഞ്ഞത്
വളരരുതായിരുന്നു ഞാനച്ഛാ
മലയിലിന്നുമെൻ ചിരി നിറഞ്ഞേനേ
കാടിനൊപ്പം കളിച്ചു നടന്നു, പുൽ
മേട്ടിലിക്കവിൾ ചായ്ച്ചു മയങ്ങി.
അരമണികിലുക്കിത്തുള്ളി നിൻ മേനിയിൽ
കൊമ്പു കോർക്കും വരയാടിനെപ്പോൽ
അലസമോടി നടന്നെത്ര കാലം
അതുമതിയായിരുന്നെന്റെ സ്വർഗം
ഒന്നു വേഗം വളർന്ന് താഴത്തെത്തി
നഗരഗരിമ തൻ റാണിയായീടുവാൻ
എത്രകൊതിയായിരുന്നെനിക്കെന്നോ
ഇത്ര നീറുമെന്നന്നറിഞ്ഞില്ല ഞാൻ
പട്ടണത്തിലേക്കെത്തി വലതുകാൽ വെച്ച
മാത്രയിൽ ചുറ്റിലും കണ്ടു ഞാൻ
ആർത്തി മൂത്ത മിഴികളെൻമെയ്യിലേ
യാഭരണങ്ങൾ തൂക്കിക്കുറിക്കുന്നു.
അന്നടുക്കള പൂകിയതാണു ഞാൻ
അന്നമൂട്ടിക്കഴിഞ്ഞില്ലിതേ വരെ

എത്ര ചെയ്താലുമെത്താത്ത ജോലികൾ.
സ്നേഹമില്ലാത്തവർക്കായ് മടയ്ക്കുന്നു
നേർത്തു മെല്ലിച്ച ശാലീന സൗന്ദര്യമാകെ
വാർന്നു പോയ്
മേനി ദുർമേദസ്സായ്.
കരി പുരണ്ടതായ് ജീവനം സ്വപ്നവും
ചിറകുറച്ചൊരെൻ. മക്കളും ദൂരെയായ്
വിവിധ രോഗങ്ങളോടു പൊരുതിയെൻ
കുറിയ ദേഹം.
തളർന്നു വീഴാറായി
ഉയരെ നിന്നു ദൂരക്കാഴ്ച കാണുമെൻ
പ്രിയ പിതാവേ പറഞ്ഞുതരിക നീ
കടലിലെത്തുവാനാകാതെ കോൺക്രീറ്റു
വനിയിലെന്റെ ജീവൻ പൊലിഞ്ഞീടുമോ
വളരരുതായിരുന്നു ഞാനച്ഛാ
വഴികളിത്രമേൽ നിഷ്ഠൂരമെങ്കിൽ
കടലിലെത്തുവാനാകുമോ ജീവനിൽ
മലിനമല്ലാത്തതാമിറ്റു ജലവുമായ്..

സീമ , അധ്യാപിക,
ജി എച്ച് എസ്സ് എസ്സ് അയ്യൻകോയിക്കൽ

# നന്ദി